പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.274 12.12.2014-ൽ മറുപടിക്ക്

## എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ

ചോദ്യം

ശ്രീ. പി.സി. വിഷ്ണുനാഥ് :

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വർക്കല കഹാർ :

ശ്രീ. സി.പി. മുഹമ്മദ് :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | എല്ലാ ജില്ലകളിലും ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം,തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 14 കോടി, 7 കോടി, 5 കോടി രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും തിരുശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടു കൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതു മുഖേന അവയുടെ ഒരു ഭാഗം കേരള ചരിത്രവുമായി ബന്ധപ്പെടുത്തുന്നതും ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രദേശത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വിഭാഗവും മ്യൂസിയത്തിലുണ്ടായിരിക്കുന്നതാണ്. |
| (സി) | ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് പുരാവസ്തുവകുപ്പാണ്. ഇതിന്റെ പണികൾ, മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം വഴിയാണ് നടപ്പിലാക്കുന്നത്. |
| (ഡി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്എന്നീ ജില്ലകളിൽ മ്യൂസിയം സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഇതുവരെ 2012-13 ൽ, 7,12,20,000/- രൂപയും (ഏഴ് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) 2013-14 വർഷം 41,09,972/-രൂപയും (നാൽപ്പത്തൊന്ന് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട് രൂപ മാത്രം)2014-15 വർഷം 99,05,060/- രൂപയും (തൊണ്ണൂറ്റൊമ്പത് ലക്ഷത്തി അയ്യായിരത്തി അറുപത് രൂപ മാത്രം) ചെലവായിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ